Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദരങ്ങളെ, വത്സലമക്കളെ,

മനുഷ്യരായ നമ്മെ രക്ഷിക്കാൻ ദൈവം തന്നെ മനുഷ്യനായി അവതരിച്ചതിന്റെ മഹനീയ സ്മരണകൾ നിറഞ്ഞുനിൽക്കുന്ന ഒരു കാലയളവിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെയും തന്റെ ഏകജാതനെ രക്ഷകനായി നൽകാൻ തക്കവിധമുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും അവനിൽ അവിടുന്ന് എല്ലാവരെയും ചേർത്തുപിടിക്കുമെന്ന പ്രത്യാശയുടെയും ആഘോഷമാണ് ദൈവപുത്രന്റെ പിറവി തിരുനാളിന് ഒരുക്കമായുള്ള ഈ മംഗലവാർത്താക്കാലത്ത് നടക്കുന്നത്.

മനുഷ്യശക്തിയിലുള്ള ഒന്നിനും തങ്ങളെ വിമോചിപ്പിക്കാൻ കഴിയില്ലെന്നും സ്വയം രക്ഷിക്കാൻ കഴിവില്ലെന്നും മനസ്സിലാക്കിയ ഇസ്രായേൽ ജനം "കർത്താവേ, ആകാശം പിളർന്ന് ഇറങ്ങി വരണമെ... ഞങ്ങൾ അങ്ങയുടെ ജനമാണന്ന് സ്മരിക്കണമെ" (ഏശ. 64:1, 9) എന്ന് പ്രാർത്ഥിച്ചിരുന്നു. പ്രവചനങ്ങളിലൂടെ തന്റെ ജനത്തിന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകിയിരുന്ന ദൈവം സമയത്തിന്റെ പൂർണ്ണതയിൽ വാഗ്ദാനം നിറവേറ്റി - ദാവീദിന്റെ പട്ടണത്തിൽ മറിയത്തിന്റെ മകനായി രക്ഷകനായ ഈശോ ജനിച്ചു. അങ്ങനെ, "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കുരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശ. 9:2).

ഈശോയാകുന്ന പ്രകാശം നാമോരോരുത്തരുടെയും ജീവിതത്തിൽ ഉദിക്കുമ്പോഴാണ് ക്രിസ്മസ് ആണ്ടുവട്ടത്തിലെ ഒരു ആഘോഷമെന്നതിനേക്കാൾ വിശുദ്ധീകരിക്കുന്ന ഒരു അനുഭവമായി മാറുന്നത്. 'രക്ഷകൻ പിറന്നു' എന്ന വാർത്ത സന്തോഷം പകരുന്ന സദ്വാർത്തയാകുന്നത് 'എനിക്കായി ഒരു രക്ഷകൻ പിറന്നു' എന്ന് അറിയുമ്പോഴാണ്. "നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്ക 2:11) എന്നു കേട്ടപ്പോഴാണല്ലോ ഇടയന്മാർ രാത്രിയിൽ തന്നെ ബത്‌ലഹേമിലേക്ക് പുറപ്പെട്ടത്. രാജാക്കന്മാരുടെ ജനനവും മരണവും വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരിക്കുന്ന പാവപ്പെട്ട ഇടയന്മാർക്ക് അടിയന്തിര പ്രാധാന്യമുള്ള സംഭവങ്ങളല്ലെന്ന് ആർക്കാണറിയില്ലാത്തത്. എന്നാൽ, ഇന്ന് ജനിച്ച രക്ഷകൻ നിങ്ങളുടെ രക്ഷകനാണ് എന്ന കാര്യം എടുത്തുപറഞ്ഞതുകൊണ്ടാണ് ബത്‌ലഹേമിലേക്ക് ഉടൻ തന്നെ പോകാൻ ആട്ടിടയന്മാർ തയ്യാറായത്. ക്രിസ്മസ് വ്യക്തിപരമായ രക്ഷാസംഭവമാണ്. ദൈവമൊരുക്കിയ രക്ഷ സ്വന്തം കണ്ണുകൾകൊണ്ട് കാണുകയും സ്വന്തം ജീവിതത്തിൽ അനുഭവിക്കുകയും ചെയ്യുന്നവരുടെ സമൂഹമായ സഭയിൽ ക്രിസ്മസ് പുണ്യം വഴിയുന്ന ഒരു സാമൂഹികാഘോഷവുമാകുന്നു. ആഘോഷിക്കുന്നവരുടെ ആന്തരികതയെ സ്പർശിക്കാത്തതൊന്നും ക്രിസ്മസിന്റെ ശുദ്ധ ചൈതന്യത്തിൽനിന്ന് വരുന്നതല്ല.

ആന്തരിക പരിവർത്തനത്തിന് പരമപ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു ഒരുക്കമാണ് ഈ കാലയളവിൽ നാം നടത്തേണ്ടത്. ആരാലും ശ്രദ്ധിക്കപ്പെടാത്ത ഏതാനും സാധാരണ വ്യക്തികളുടെ ജീവിതത്തിൽ തികച്ചും ആർഭാടരഹിതമായാണ് തിരുപ്പിറവിയെന്ന മഹാസംഭവം നടന്നതെന്ന് നാം മറക്കരുത്.

മറിയത്തിന്റെ അരികിൽ മാലാഖയെത്തിയതും മംഗളവാർത്ത അറിയിച്ചതും ആരുമറിഞ്ഞില്ല. ക്രിസ്തുവിന് വഴിയൊരുക്കാൻ ദൈവം അയച്ച സ്നാപകന്റെ ജനനത്തെക്കുറിച്ച് സഖറിയായോട് ദൂതൻ പറഞ്ഞതും അതിവിശുദ്ധ സ്ഥലത്തിന്റെ നിശബ്ദതയിലും സ്വകാര്യതയിലുമാണ്. അകത്ത്

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

എന്ത് നടന്നുവെന്നത് പുറത്തുള്ള ജനമറിഞ്ഞില്ല. യൗസേപ്പിതാവിന് നിർദ്ദേശങ്ങൾ ലഭിച്ചത് സ്വപ്ന ത്തിലാണ്. മനസ്സിന്റെ ബോധതലങ്ങളെപ്പോലും അറിയിക്കാതെയാണ് ദൈവം യൗസേപ്പി താവിനോട് സംസാരിച്ചത്. ലോകരക്ഷകനായ ഈശോയുടെ ജനനത്തിന് അമ്പരപ്പിക്കുന്ന ലാളിത്യമുണ്ടായിരുന്നു. മനുഷ്യസാമീപ്യം ഉണ്ടായിരിക്കാനിടയില്ലാത്ത, ആരാലും ശ്രദ്ധിക്കപ്പെടാനിടയില്ലാത്ത, സ്വർഗം മാത്രം അറിഞ്ഞുള്ള ഒരു ജനനമായിരുന്നു അവന്റേത്. പ്രഭു മന്ദിരങ്ങളിലോ അധികാരകേന്ദ്രങ്ങളിലോ അത് വാർത്തയായിരുന്നില്ല. എന്നാൽ, സാധാരണക്കാരായ ആട്ടിടയന്മാർക്കുള്ള മാലാഖാവൃന്ദത്തിന്റെ സംഗീത അകമ്പടിയോടെയുള്ള ആഘോഷമായിരുന്നു അവന്റെ ജനനം. ബൈബിളിലും സഭാചരിത്രത്തിലും ദൈവം പലരേയും തെരഞ്ഞെടുക്കുന്നതും വലിയകാര്യങ്ങൾക്കായി ഒരുക്കുന്നതും നിശബ്ദതയിലും നിസ്സാരതയുടെ വഴിത്താരകളിലുമാണെന്ന് കാണാനാകും.

മംഗളവാർത്തയും തിരുപ്പിറവിയും പ്രഘോഷിക്കുന്നത് ലാളിത്യത്തിന്റെ സുവിശേഷമാണ്. സർവ്വവും ദൈവത്തിനർപ്പിച്ച്, സ്വന്തം താല്പര്യങ്ങളും സുഖങ്ങളും ത്യജിച്ച്, എല്ലാം മറന്ന് ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നവരുടെ ആഘോഷമാണ് ക്രിസ്മസ്! ഈ ഇരുപത്തിയഞ്ച് നോമ്പ് പുൽക്കൂട്ടിലെ യേശുവിന്റെയും അവനെ ആരാധിക്കാൻ വന്ന ആട്ടിടയരുടെയും ഈ ശിശുസഹജമായ സമർപ്പണത്തിലേക്കുള്ള നമ്മുടെ ഹൃദയപരിവർത്തനത്തിന്റെ ദിനങ്ങളാകട്ടെ. ആരെയും ശത്രുവായിക്കണ്ട് വെറുക്കാതെ, സ്നേഹത്തിന്റെയും ക്ഷമയുടെയും വഴിയിലൂടെ സഭാ മാതാവിന്റെ മടിത്തട്ടിൽ യേശുവിന് ജന്മം നൽകാൻ നമുക്ക് സാധിക്കട്ടെ.

ദൈവസന്നിധിയിൽ കൃതജ്ഞതയുടെ കൂപ്പുകരങ്ങളുയർത്താൻ കാരണമായ ഒരു പ്രധാനപ്പെട്ട കാര്യം നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റേയും എറണാകുളം വികാരിയാത്ത് സീറോമലബാർ സഭയിലെ പ്രഥമ അതിരൂപതയായി ഉയർത്തപ്പെട്ടതിന്റേയും ശതാബ്ദി വർഷത്തിലേക്ക് ഈ ഡിസംബർ 21-ാം തീയതി നാം പ്രവേശിക്കുകയാണ്.

1896-ലാണ് എറണാകുളം വികാരിയാത്ത് സ്ഥാപിതമായത്. മാർ ലൂയീസ് പഴേപറമ്പിൽ ആയിരുന്നു എറണാകുളത്തെ ആദ്യത്തെ വികാരി അപ്പസ്തോലിക്ക. 1923-ൽ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും, തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകളെ സാമന്ത രൂപതകളായും നിശ്ചയിച്ചുകൊണ്ട് സീറോമലബാർ ഹയരാർക്കി സ്ഥാപിക്കുകയും എറണാകുളത്തിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിലിനെ മെത്രാപ്പോലീത്തയായി ഉയർത്തു കയും ചെയ്തു. കണ്ടത്തിൽ പിതാവിന്റെ കാലശേഷം മാർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്ത അതിരൂപതയെ നയിച്ചു. സീറോമലബാർ സഭയിൽനിന്നുള്ള ആദ്യത്തെ കർദിനാൾ ആയ പാറേക്കാട്ടിൽ പിതാവ് ശുശ്രൂഷയിൽനിന്ന് വിരമിച്ചപ്പോൾ മാർ ആന്റണി പടിയറ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായി. പടിയറപ്പിതാവ് മെത്രാപ്പോലീത്ത യായിരിക്കെ 1992-ൽ സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായും എറണാകുളത്തെ 'എറണാകുളം-അങ്കമാലി' എന്ന് പുനർനാമകരണം ചെയ്ത് മേജർ ആർച്ചു ബിഷപ്പിന്റെ അതിരൂപതയും ആസ്ഥാനവുമാക്കി മാറ്റുകയും ചെയ്തു. ആദ്യത്തെ മേജർ ആർച്ചു ബിഷപ് ആയ കർദിനാൾ മാർ ആന്റണി പടിയറയുടെ നിര്യാണത്തിനുശേഷം കാലക്രമത്തിൽ കർദിനാൾ മാർ വർക്കി വിതയത്തിൽ അതിരൂപതയുടെ മെത്രാപ്പോലീത്തയും സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പുമായി നിയമിതനായി. വിതയത്തിൽ പിതാവ് ദിവംഗത നായതിനെത്തുടർന്ന് മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ് ഇപ്പോൾ അതിരൂപതയുടെയും സഭയുടെയും മേലദ്ധ്യക്ഷൻ.

അതിരൂപതയെ നയിച്ച മെത്രാപ്പോലീത്താമാരോടൊപ്പം സഹായമെത്രാൻ, പൊന്തിഫിക്കൽ ഡെലഗേറ്റ്, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, മെത്രാപ്പോലീത്തൻ വികാരി എന്നീ വ്യത്യസ്ത

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

നിലകളിൽ അതിരൂപതയേയും സഭയേയും സേവിച്ച മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി, മാർ ജേക്കബ് മനത്തോടത്ത്, മാർ അബ്രഹാം കാട്ടുമന, മാർ തോമസ് ചക്യത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ ആന്റണി കരിയിൽ എന്നീ പിതാക്കന്മാരേയും അവരോടൊത്തു സഹകരിച്ചു പ്രവർത്തിച്ച വൈദികരേയും സമർപ്പിതരേയും അല്മായശുശ്രൂഷകരേയും നമുക്ക് നന്ദിയോടെ ഓർക്കാം.

അതിരൂപതയുടെ ആത്മീയ ഉണർവിനും പ്രത്യേകിച്ച്, കുടുംബങ്ങളുടെ നവീകരണത്തിനും യുവജനങ്ങളുടേയും സ്ത്രീകളുടേയും ശാക്തീകരണത്തിനും കുട്ടികളുടെ വിശ്വാസപരിശീലനത്തിനും സമർപ്പിതരുടെ ശുശ്രൂഷ കാലാനുസൃതമാക്കുന്നതിനും ഉതകുന്ന മാതൃകാപരമായ പല മുന്നേറ്റങ്ങൾക്കും അതിരൂപത നേതൃത്വം നൽകിയിട്ടുണ്ട്. അജപാലനം, പ്രേഷിതപ്രവർത്തനം, സാമൂഹ്യസേവനം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ തുടങ്ങിയ എല്ലാ മേഖലകളിലും ലഭിച്ച താലന്തുകൾ വർദ്ധിപ്പിക്കാനും തനതായ മുദ്രകൾ പതിപ്പിക്കാനും അതിരൂപതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതിരൂപതയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഫലമാണ് ഫരീദാബാദ് രൂപത. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അതിരൂപതാ സ്ഥാപനങ്ങൾ ശ്രദ്ധേയമായ സേവനങ്ങളും സവിശേഷമായ ക്രൈസ്തവസാക്ഷ്യവും നൽകുന്നു. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ മലബാർ സഭയിലുള്ള പ്രാധാന്യം അഭിമാനകരമായ വസ്തുത യാണെന്നതിനൊപ്പം അതിരൂപതാംഗങ്ങൾക്കുണ്ടാകേണ്ട ദൗത്യബോധത്തിന്റെയും മേജർ ആർച്ച്ബിഷപ്പിന്റെ ആസ്ഥാന അതിരൂപത എന്ന നിലയിൽ സീറോമലബാർസഭയോടുള്ള ഉത്തര വാദിത്തത്തിന്റെയും നിദാനമാണ്. ആത്മാർത്ഥമായ ആത്മപരിശോധനയ്ക്കും സമ്പൂർണ്ണമായ പുനരർപ്പണത്തിനും നവമായ അജപാലന സംരംഭങ്ങൾക്കും ശതാബ്ദി അവസരമാകണം. സഭ യോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള നിശ്ചയദാർഢ്യവും തീഷ്ണതയും നമുക്കുണ്ടാകട്ടെ. തെരഞ്ഞെടുക്കുകയും വഴിനടത്തുകയും ചെയ്യുന്ന ദൈവത്തിന് നമുക്ക് നന്ദിപറയാം. കഴിഞ്ഞ കാലങ്ങളിലെന്നപോലെ ഇനിയുള്ള നാളുകളിലും പ്രതിസന്ധികളെ ക്രിസ്തീയാരൂപിയിൽ മറികടക്കുവാനും എല്ലാ സാഹചര്യങ്ങളിലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും നമുക്കു ശ്രമിക്കാം.

ആഗതമാകുന്ന ക്രിസ്മസിന്റേയും നവവത്സരത്തിന്റേയും മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. ശതാബ്ദി വർഷം അനുഗ്രഹദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ കരുണയും കൃപയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹാ യുടേയും മദ്ധ്യസ്ഥതയിൽ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു. എന്ന്,

എറണാകുളം-അങ്കമാലി അതിരൂപതാ കാര്യാലയത്തിൽനിന്ന്
2022 നവംബർ 30-ാം തീയതി.

+ Andrews Thazhath

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

**ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്**
എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

..............................................

N.B.: ഈ ഇടയലേഖനം 2022 ഡിസംബർ 4-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.